നഗരസഭകളുടെ ശാക്തീകരണം

114(3398) ശ്രീ. സി. മമ്മൂട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(ബി) നഗരസഭകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം സഹായകര മാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി.പി.ആർ. സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതുഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ പദ്ധതിക്കായി 49 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ പതിനാല് ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാല പ്രാദേശിക കേന്ദ്രം അനുവദിച്ചുകിട്ടുന്നതിന് സ്വീകരിച്ച തുടർ നടപടികൾ

115(3399) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലാ പ്രാദേശിക കേന്ദ്രം അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ നഗരസഭ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ ;

(ബി) എൽ. എസ്. ജി. ഡി. കൺസൾട്ടേറ്റീവ് ആന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തെ തുടർന്ന് നൽകിയ നിർദ്ദേശമനുസരിച്ച് കൊയിലാണ്ടി നഗരസഭയും മറ്റ് നഗരകാര്യ കാര്യാലയങ്ങളും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്ന് അംഗീകാരം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാല പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിലേയ്ക്ക് കൊയിലാണ്ടി നഗരസഭ വ്യവസായിക ആവശ്യത്തിനായി ഏറ്റെടുത്ത അരിക്കുളം വില്ലേജ് സർവ്വേ 35, 9/2-ൽപ്പെട്ട 4 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം നഗരസഭ ആദ്യം വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തിരുന്നതിനാൽ ഭൂമിയുടെ ഉപയോഗക്രമം മാറ്റിക്കിട്ടുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly